# വിജ്ഞാപനം

## പാലക്കാട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറം വനിതാ അംഗത്തിന്റെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

പാലക്കാട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ (വനിത) നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും, ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും, കഴിവും, ആർജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷാ ഫോറത്തിൽ **10-03-2019 ന് മുൻപ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സർക്കാരിൽ ലഭ്യമാകുന്ന അപേക്ഷകളിൽ നിന്ന് ചുരുക്ക പട്ടിക തയ്യാറാക്കി സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റു ചെലവുകളോ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം.
05 -02 -2019